പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 25 | 01-12-14 – ൽ മറുപടിയ്ക്ക്

**മത്സ്യബന്ധന നിയന്ത്രണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ.അജിത്: ശ്രീ.പി.തിലോത്തമൻ: ശ്രീ.ജി.എസ്.ജയലാൽ: ശ്രീ.വി.ശശി:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| (എ) | മീൻപിടുത്തം നിയന്ത്രിക്കുന്നതിന് തീരക്കടലിൽ നിശ്ചിത മേഖലയെ ബഫർ സോണായി പ്രഖ്യാപിക്കണമെന്ന് ഡോ.ബി.മീനാകുമാരി കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ശുപാർശ മത്സ്യതൊഴിലാളികളെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം ബഫർ സോണായി നിലനിർത്തുന്നതിന് കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒരു പ്രദേശം ബഫർ സോണായി നിലനിർത്തുന്നത് വിദേശ ട്രോളറുകൾക്ക് ഗുണകരമാകാൻ സാധ്യതയുണ്ട്. നിലവിൽ എൽ.ഒ.പി വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം കൂടുതലായി നടത്തുന്നത് കാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത കുറഞ്ഞു വരികയാണ്. പ്രസ്തുത പ്രദേശത്ത് കേരളത്തിലെ മത്സ്യത്തൊഴിലാളികളും മത്സ്യ ബന്ധനം നടത്തി വരുന്നുണ്ട്. ആയതിനാൽ ഈ ശുപാർശ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കും. |
| ബി) | പുതിയനിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ ഒരു ബോട്ടിനും മത്സ്യബന്ധനത്തിന് പോകാൻ കഴിയാതെ വരുമെന്നുള്ളത് വസ്തുതയാണോ; ആണെങ്കിൽ കടലിലെ മത്സ്യബന്ധന നിയന്ത്രണ നിർദ്ദേശം നടപ്പാക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ; | (ബി) | ഡോക്ടർ മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ മത്സ്യത്തൊഴിലാളികളെയും ബോട്ടുകാരെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ശുപാർശകൾ നടപ്പിലാക്കാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | സമുദ്രമേഖലയിൽ കൂടുതൽ വിദേശ നിക്ഷേപങ്ങൾ കൊണ്ടുവരണമെന്ന വിദഗ്ധ സമിതി ശുപാർശയോടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ? | സി) | വിദേശ മത്സ്യബന്ധന യാനങ്ങൾ aquire ചെയ്യുന്നതിനുള്ള ശുപാർശയും കൂട്ടു പങ്കാളിത്ത വ്യവസ്ഥയിൽ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യാനുള്ള ശുപാർശയും ഉൾപ്പെടെ വിദേശ നിക്ഷേപങ്ങൾ കൊണ്ടുവരണമെന്നുള്ള ശുപാർശയും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും മറ്റ് സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളും ഉണ്ടാകാൻ സാധ്യത ഉള്ളതിനാലും അംഗീകരിക്കാൻ കഴിയുന്നതല്ല. |

Jeyasree

**സെക്ഷൻ ഓഫീസർ**